**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4739** **11-08-2021 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ ട്രെയിൻ സർവ്വീസ് ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പദ്ധതി ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതിയുടെ സാധ്യതാ പഠനം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിന് റെയിൽവേയിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദ പഠന റിപ്പോർട്ടിന് കേരള സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും റെയിൽവേ മന്ത്രാലയത്തിന്റെ അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കൽ നടപടിയും അതിനായുള്ള തുക സമാഹരിക്കൽ നടപടിക്രമങ്ങളുമാണ് ഇപ്പോൾ നടന്നു വരുന്നത്. തുടർന്ന് റെയിൽവേ ബോർഡിന്റെയും, കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും അനുമതി ലഭിക്കുന്ന മുറയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് സിൽവർലൈൻ ട്രെയിൻ സർവ്വീസ് ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | കെ-റെയിൽ പദ്ധതിയും സിൽവർ ലൈൻ പദ്ധതിയും തമ്മിലുള്ള അന്തരം വിശദമാക്കാമോ? | (ബി) | (കെ-റെയിൽ) അഥവാ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നത് സംസ്ഥാനത്തെ റെയിൽ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് രൂപീകരിച്ച ഒരു സംയുക്ത സംരഭ കമ്പനിയാണ്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും, അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കുവാനുള്ള |

| | | | |
|---|---|---|---|
| | | | അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ ഇങ്ങനെ അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർമ്മാണം തുടങ്ങുന്നതിനായി എസ്.പി.വി രൂപവത്കരിക്കൽ എന്നിവ ഉൾപ്പെടുന്നു. സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ. ഡി.സി.എൽ) ഒട്ടനവധി പദ്ധതികൾ ഇതിനായി ഏറ്റെടുത്തു നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതികളിൽ സംസ്ഥാനത്തെ ഗതാഗത സംവിധാനത്തിനു വൻ കുതിപ്പേകുന്നതും വലിയ അന്താരാഷ്ട്ര നിലവാരത്തിൽ എത്തുന്നതരത്തിൽ യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിനുമായി തിരുവനന്തപുരത്തിനും കാസർഗോഡിനും ഇടയിൽ ഒരു ഗ്രീൻ ഫീൽഡ് ഇരട്ട പാത നിർമ്മിക്കുക എന്നതാണ് സിൽവർ ലൈൻ പദ്ധതി. |

സെക്ഷൻ ഓഫീസർ